ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ ന്യൂഡൽഹിയിലെ അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(ബി, സി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മാനവവിഭവശേഷി വികസന മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം എന്നീ സ്ഥാപനങ്ങൾക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമുള്ളത്. ഇതിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രമാണ് 'റൂട്ട്സി'ൽ പ്രവർത്തിക്കുന്നത്. സർട്ടിഫിക്കറ്റുകൾ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രത്തിൽ നിന്നും സാക്ഷ്യപ്പെടുത്തിയ ശേഷം ന്യൂഡൽഹിയിലെ വിദേശകാര്യ മന്ത്രാലയത്തിലും സാക്ഷ്യപ്പെടുത്തിയതിനുശേഷം മാത്രമേ യു.എ.ഇ. എംബസ്സിയിൽ നിന്നും സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, യു.എ.ഇ.-യിൽ നിന്ന് നേരിട്ടും ദിനംപ്രതി അനേകം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലേക്കായി യു.എ.ഇ. എംബസ്സിയിൽ എത്തുന്നതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വിദേശകാര്യ മന്ത്രാലയത്തിന്റെയും, യു.എ.ഇ. എംബസ്സിയുടേയും അനുവാദം ഉണ്ടെങ്കിൽ മാത്രമേ ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ചർച്ചകൾ നടന്നു വരുന്നു.

(ഡി, ഇ) ഇതു സംബന്ധിച്ച് സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ത്വരിതപ്പെടുത്താനുള്ള സംവിധാനങ്ങൾ

*16 [136] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.-ക്ക് പോകുന്ന കേരളത്തിലെ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി കിട്ടുവാൻ വേണ്ടി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ സംവിധാനം ഏർപ്പെടുത്തിയെങ്കിലും ദിവസേന 150 അറ്റസ്റ്റേഷൻ എന്നാക്കി പരിമിതപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ദിവസേന എത്തിച്ചേരുന്ന മുഴുവൻ പേരുടേയും എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ, ബി) ഉണ്ട്. യു.എ.ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽ പോകുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെയും വിദേശകാര്യ മന്ത്രാലയത്തിന്റെയും ഓരോ സെല്ലുകൾ കേരളത്തിൽ ആരംഭിക്കുന്നതിന് നിരവധി നിവേദനങ്ങൾ മുൻ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. നോർക്കാ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മൂന്നംഗ മന്ത്രിതല സംഘം മുൻ പ്രധാനമന്ത്രിയെ കാണുകയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കേന്ദ്രം നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവി'ൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പ്രസ്തുത പ്രാദേശിക കേന്ദ്രത്തിൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഒരു ദിവസം 150 പേർക്ക് മാത്രമേ സൗകര്യം ലഭിക്കുകയുള്ളു. സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദമായ പരിശോധനകൾക്കും മറ്റും കൂടുതൽ സമയം ആവശ്യമുള്ളതിനാൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് 1.30 വരെ 150 പേരുടെ സർട്ടിഫിക്കറുകൾ മാത്രമേ ഒരു ദിവസം സ്വീകരിക്കുവാൻ കഴിയുകയുള്ളു. പ്രസ്തുത സർട്ടിഫിക്കറുകളുടെ അനുബന്ധ ജോലികൾ പൂർത്തിയാക്കുവാൻ ഉച്ചകഴിഞ്ഞുള്ള സമയം വേണ്ടിവരുന്നതിനാലാണ് ന്യൂഡൽഹിയിലെ മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രവർത്തന സമയം ഇവിടെയും നിഷ്ക്കർഷിച്ചിരിക്കുന്നത്.

(സി) 'റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവി'ലെ പ്രാദേശിക കേന്ദ്രത്തിൽ ദിവസേന എത്തിച്ചേരുന്ന മുഴുവൻ പേരുടെയും എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നടത്തുന്നതിനായി കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിടുന്ന കാലതാമസം

*17 [137] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ ഏതെല്ലാം വൻകിട ചെറുകിട പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly